ഇളമ്പന ഭഗവതിക്ഷേത്രം

വർക്കല: ചിലക്കൂർ ഇളമ്പന ഭഗവതിക്ഷേത്രത്തിൽ 18ന് രാവിലെ 8.30ന് മൃത്യുഞ്ജയഹോമവും 19ന് രാവിലെ 8.30ന് ശനീശ്വരഹോമവും നടക്കും.

മകയിരപൂജയും അന്നദാനവും

പൂവാർ: ഇടത്തേക്കോണം എസ്എൻഡിപി യോഗം ശ്രീ ചാമുണ്ഡേശ്വരി ദേവീക്ഷേത്രത്തിൽ മകയിരപൂജയും അന്നദാനസദ്യയും നടക്കും.

'നാട്ടുകളിക്കൂട്ടം'- വേനൽ ക്യാമ്പ്

നെടുമങ്ങാട്: പരുത്തിക്കുഴി കേരള ആർട്സ് ഗ്രന്ഥശാലയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന വേനൽ ക്യാമ്പ് 'നാട്ടുകളിക്കൂട്ടം' 19,20 തീയതികളിൽ നടക്കുമെന്ന് പ്രസിഡന്റ് കെ.എസ്.സുജിലാലും സെക്രട്ടറി എൽ.സൈമണും അറിയിച്ചു.19ന് രാവിലെ 10ന താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി കാഞ്ഞിരംപാറ മോഹനൻ ഉദ്ഘാടനം ചെയ്യും.ഉഴമലയ്ക്കൽ ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ കെ.ജയകുമാർ, വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ എസ്.സുനിൽകുമാർ,ജാഗ്രതാ സമിതി കൺവീനർ ബി. നാഗപ്പൻനായർ,കേരള ആർട്സ് പ്രസിഡന്റ് യു.എം.മുരുകേഷ്,സെക്രട്ടറി ശ്യാം ചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും.11ന് അഭിനയകളരി-ബാലസാഹിത്യ പുരസ്കാര ജേതാവ് വിനീഷ് കളത്തറ ക്ലാസെടുക്കും.12ന ഒറിഗാമി -ആർ.എൽ. സൗമ്യ പരിശീലനം നടത്തും.ഉച്ചയ്ക്ക് 1ന ഉച്ചഭക്ഷണം.2ന നാടൻപാട്ട് കൂട്ടത്തിൽ കവി അഖിലൻ ചെറുകോട് പങ്കെടുക്കും .ക്യാമ്പിന്റെ ഭാഗമായി 20ന പരിസ്ഥിതി പഠനയാത്രയും നടത്തും.

ഒറ്റൂർ കൃഷിഭവൻ

വർക്കല: ഒറ്റൂർ കൃഷിഭവൻ പരിധിയിൽ ഒന്നാംവിള നെൽകൃഷി ചെയ്യുന്നതിന്റെ ഭാഗമായി കർഷകർക്ക് നെൽവിത്ത്, ഡോളോമൈറ്റ് എന്നിവ ലഭിക്കുന്നതിനായി ബന്ധപ്പെട്ട പാടശേഖരസമിതിയിൽ അപേക്ഷ സമർപ്പിക്കണം.

ഡെങ്കിപ്പനി പ്രതിരോധം മാതൃകാപരം: കെ. മുരളീധരൻ

തിരുവനന്തപുരം : മുൻവർഷങ്ങളെ അപേക്ഷിച്ച് ഡെങ്കിപ്പനി ബാധിതരുടെ എണ്ണം കുറയ്ക്കാനായത് സർക്കാരിന്റെ മാതൃകാപരമായ പ്രവർത്തനത്തിലൂടെയാണെന്ന് കെ. മുരളീധരൻ എം.എൽ.എ പറഞ്ഞു. ദേശീയ ഡെങ്കി ദിനാചരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. പരിസര ശുചീകരണവും മാലിന്യ സംസ്കരണവും കൂടുതൽ ഫലപ്രദമാക്കാൻ ജനങ്ങൾ കൂടുതൽ സഹകരിക്കണമെന്നും കെ. മുരളീധരൻ പറഞ്ഞു. പേരൂർക്കട സർക്കാർ ആശുപത്രിയിൽ നടന്ന ചടങ്ങിൽ കൗൺസിലർ പി.എസ്. അനിൽകുമാർ, അഡിഷണൽ ഡയറക്ടർ (പൊതുജനാരോഗ്യം) ഡോ. കെ.ജെ. റീന, റീജിയണൽ ഡയറക്ടർ ഡോ. രുചി ജെയിൻ, എൻ.വി.ബി.ഡി.സി.പി ഡെപ്യൂട്ടി ഡയറക്ടർ ഡോ. വി. മീനാക്ഷി തുടങ്ങിയവർ പങ്കെടുത്തു.

പ്ലസ് ടു പരീക്ഷയിൽ പാരിപ്പള്ളി അമൃത സംസ്കൃത ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും 1200 ൽ 1200 മാർക്കും വാങ്ങിയ അപ്സര ഇറോസ്. മടവൂർ വിളക്കാട് അഞ്ചുമൂർത്തി ക്ഷേത്രത്തിന് സമീപം പിച്ചിമംഗലത്ത് വീട്ടിൽ ഇറോസ് കുമാറിന്റെയും സിന്ധുവിന്റെയും മകളാണ്.

എസ്.എസ്.എൽ. സി പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ പള്ളിക്കൽ ഗവ. ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിനി ഗൗരി. എസ്. പള്ളിക്കൽ പുളിമാത്ത് മേലതിൽ വീട്ടിൽ വേണുഗോപാലിന്റെയും (കേരളകൗമുദി ഏജന്റ്,പള്ളിക്കൽ) ഷീബയുടെയും മകളാണ്.

പട്ടയം നൽകാൻ ഉത്തരവായിട്ടും വൃദ്ധയെ വട്ടം ചുറ്റിച്ച് അധികൃതർ

സ്വന്തം ലേഖകൻ



പൊളിഞ്ഞു വീഴാറായ കൂരയ്ക്ക് മുന്നിൽ അംബുജാക്ഷി

ആറ്റിങ്ങൽ: ലോക അദാലത്തിൽ ഉത്തരവ് ലഭിച്ചിട്ടും നിർദ്ധന പട്ടികജാതി കോളനി നിവാസിയായ വൃദ്ധയ്ക്ക് പട്ടയം നൽകാൻ അധികൃതർ തയ്യാറാകുന്നില്ലെന്ന് പരാതി.

മുദാക്കൽ ഗ്രാമ പഞ്ചായത്തിലെ കോരാണി പുകയിലത്തോപ്പ്കോളനിയിൽ ബ്ലോക്ക് 12 ൽ താമസിക്കുന്ന അംബുജാക്ഷിക്കാണ് ഈ ദുരിതം. വിവിധ ഓഫീസുകളിൽ പട്ടയത്തിനായി നാല് വർഷത്തിലധികമായി ഇവർ കയറിയിറങ്ങുകയാണ്. 2014 ൽ നടന്ന ലോക അദാലത്തിലാണ് പട്ടയം നൽകാൻ ഉത്തരവിറങ്ങുന്നത്.

ഈ കോളനിയിൽ 1962ൽ എൽ.എ 2 പ്രകാരം പട്ടയം നൽകിയിരുന്നു. എന്നാൽ ഇപ്പോൾ ഇവിടെ താമസിക്കുന്ന 110 കുടുംബങ്ങളിൽ ഭൂരിഭാഗം പേർക്കും പട്ടയം ലഭിച്ചിട്ടില്ല. പട്ടയം ലഭിക്കാത്തതിനാൽ പഞ്ചായത്തിൽ നിന്നു വീട് വയ്ക്കാനുള്ള തുക അനുവദിച്ചുകിട്ടിയില്ല.

ലോക അദാലത്തിൽ ചിറയിൻകീഴ് അഡിഷണൽ തഹസിൽദാരുടെ സാന്നിദ്ധ്യത്തിലാണ് അംബുജാക്ഷിക്ക് പട്ടയം നൽകാൻ 2014 ൽ തീരുമാനിച്ചത്. എന്നാൽ വർഷം പലത് കഴിഞ്ഞിട്ടും താലൂക്ക് അധികൃതരുടെ ഭാഗത്തുനിന്നു യാതൊരു നടപടിയും ഉണ്ടായില്ല.

അടുത്തിടെ വാർഡ് മെമ്പറുമായി ചെന്ന് വിവരം തിരക്കിയപ്പോൾ അറിയുന്നത് പഞ്ചായത്തിൽ നിന്നു അനുവാദ പത്രിക വേണമെന്നാണ്. അതുപ്രകാരം പഞ്ചായത്ത് അനുവാദപത്രിക നൽകിയിരുന്നു.

എന്നാൽ 'അംബുജാക്ഷിയുടെ അമ്മൂമ്മയ്ക്ക് 30 വർഷം മുൻപ് ഈ വസ്തുവിന്റെ പേരിൽ പട്ടയം നൽകിയെന്നും അതിന്റെ രേഖകൾകൊണ്ടുവരാനുമാണ്' ഇപ്പോൾ വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥരുടെ ആവശ്യം. എന്നാൽ ഇത്തരത്തിൽ ഒരുരേഖ താലൂക്ക്ഓഫീസിൽ ഇല്ലാത്തതിനാൽ എന്തു ചെയ്യണമെന്നറിയാതെ കുഴയുകയാണ് അംബുജാക്ഷി.

ലൈഫ് പദ്ധതിയിൽ വീട് നൽകാൻ ഉത്തരവായിട്ടും പട്ടയം ഇല്ലാത്തതിനാൽ അംബുജാക്ഷിക്ക് ടാർപോളിൻ കെട്ടിയ പൊളിഞ്ഞു വീഴാറായ കൂര തന്നെയാണ് ആശ്രയം. കോടതി ഉത്തരവ് നടപ്പിലാക്കാൻ വിസമ്മതിക്കുന്ന താലൂക്ക്ഓഫീസർക്കെതിരെ ശക്തമായ സമര പരിപാടികൾ ആരംഭിക്കുമെന്ന് വാർഡ് മെമ്പർ മണിലാൽ, യൂത്ത് കോൺഗ്രസ് ബ്ലോക്ക് സെക്രട്ടറി വിജയകുമാർ എന്നിവർ പറഞ്ഞു.

ഹോണ്ടയുടെ ഏറ്റവും പുതിയ മോഡലായ അമേസിന്റെ ലോഞ്ചിംഗ് കഴക്കൂട്ടം പെനിൻസുലാർ ഹോണ്ടയിൽ ബിജുമോൻ (ജോയിന്റ് ആർ.ടി.ഒ, കഴക്കൂട്ടം), സെന്തിൽകുമാർ നടരാജൻ (സോണൽ ഹെഡ്, ഹോണ്ട), ഡോ. ബിജു രമേശ് (ചെയർമാൻ, ചേംബർ ഒഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രി), കൃഷ്ണചന്ദ്രൻ (സിനി ആർട്ടിസ്റ്റ് ആൻഡ് പിന്നണി ഗായകൻ) എന്നിവർ നിർവഹിക്കുന്ന

കാട്ടാൽ സംഗീത സഭ

കാട്ടാക്കട: ഒൻപതാമത് കാട്ടാൽ സംഗീത സഭ മൊളിയൂർ മഹാദേവ ക്ഷേത്രത്തിൽ നടന്നു. സഭയിൽ കഞ്ചിയൂർകോണം സ്വദേശിനി അഭിനന്ദ എം. കുമാർ കച്ചേരി അവതരിപ്പിച്ചു. സൂര്യനാരായണൻ വയലിനും ജിഷ്ണു ജി. നാഥ് വാരിയർ മൃദംഗവും വായിച്ചു. സംസ്ഥാനസ്കൂൾകലോത്സവങ്ങളിൽ ജേതാവായ അഭിനന്ദ സംഗീത സംവിധായകൻ രമേശ് നാരായണന്റെ ശിഷ്യയാണ്. എല്ലാ മലയാള മാസവും ഒന്നാം തീയതി വൈകിട്ട് അഞ്ചു മണിക്കാണ് സംഗീതസഭ അരങ്ങേറുന്നത്. കാട്ടാൽ സംഗീത സഭയിൽ മുൻകൂട്ടി പേരു രജിസ്റ്റർ ചെയ്യാം. ഫോൺ: 9447450396, 9447220847.

സ്കൂൾ കുട്ടികൾക്കായി സിവിൽ സർവീസ് ഫൗണ്ടേഷൻ പ്രോഗ്രാം

നെടുമങ്ങാട്: നെഹ്റു യുവകേന്ദ്രയും നെടുമങ്ങാട് ദർശന ഹയർ സെക്കൻഡറിസ്കൂളും സംയുക്തമായി സിവിൽ സർവീസ് ഫൗണ്ടേഷൻ പരിശീലന പരിപാടി സംഘടിപ്പിയ്ക്കുന്നു.പൊതുഅവധിദിവസങ്ങളിൽ സംഘടിപ്പിക്കുന്ന പരിശീലന പരിപാടിയിൽ വ്യക്തിത്വ വികസനം,പരീക്ഷ മാർഗ നിർദ്ദേശക പരിപാടികൾ, ഇന്റർവ്യൂ പരിശീലനം, പൊതുപരിജ്ഞാനം, പ്രസംഗ പരിചയം, രചനാ വൈഭവം എന്നീ വിഷയങ്ങളിൽ 56 സെഷനുകളായിട്ടാണ് ഏഴ് മാസം നീണ്ടു നിൽക്കുന്ന പരിശീലന പരിപാടി നടത്തുന്നത്. 8 മുതൽ 12 വരെ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ നിന്ന് തിരഞ്ഞെടുക്കുന്ന 60 പേർക്ക് അവസരം ലഭിക്കും. പങ്കെടുക്കാൻ താത്പര്യമുള്ളവർ ബയോഡാറ്റ സഹിതം സി.എസ്.എഫ്. പികോഴ്സ്കോർഡിനേറ്റർ,ദർശന ഹയർസെക്കൻഡറിസ്കൂൾ,നെടുമങ്ങാട് എന്ന വിലാസത്തിൽ 24 ന് മുമ്പ് അപേക്ഷിക്കേണ്ടതാണ്. നെടുമങ്ങാട് , വെള്ളനാട്, വാമനപുരം എന്നീ ബ്ലോക്കുകളിലുള്ളവർക്ക് മുൻഗണന.

ബിജിയുടെ സ്വപ്നത്തിന് ചിറകു മുളച്ചു

പഠനചെലവ് വഹിക്കാൻ തയ്യാറായി ഡോ.വി. വിജയചന്ദ്രൻ

കെ.എസ്.സുജിലാൽ

ബിജിബിജുവിന് പഠനചെലവുകൾക്കുള്ള ആദ്യഘട്ട തുകയുടെ ചെക്ക് ഡോ.വി.വിജയചന്ദ്രൻ കൈമാറുന്നു

നെടുമങ്ങാട്: കഷ്ടപ്പാടുകൾക്കിടയിൽ ഹയർസെക്കൻഡറി പരീക്ഷയിലെ എല്ലാ വിഷയത്തിനും എ പ്ലസ് നേടി വിജയിച്ചിട്ടും തുടർപഠനത്തിന് വഴിയില്ലാതെ ബുദ്ധിമുട്ടിയ മിടുക്കിയുടെ പഠന ചെലവുകൾക്ക് വഴിയൊരുങ്ങി. ഉഴമലയ്ക്കൽ പഞ്ചായത്തിലെ പേരില കട്ടക്കാകുന്ന് ബി. ബി ഭവനിൽ ബിജിബിജുവിന്റെ മോഹങ്ങൾക്കാണ് ഒടുവിൽ ചിറകുമുളച്ചത്.

മെഡിസിൻ പഠനമെന്ന ബിജിബിജുവിന്റെ സ്വപ്നം നിറവേറ്റാൻ വിതുര താലൂക്ക് ആശുപത്രിയിലെ റിട്ട.ഡോക്ടർ വി.വിജയചന്ദ്രനാണ് സഹായ വാഗ്ദാനവുമായി എത്തിയത്. 13 ന് 'കേരളകൗമുദി' പ്രസിദ്ധീകരിച്ച ''ബിജി അമ്മയ്ക്ക് നൽകിയത് മധുരം നിറഞ്ഞ എ പ്ലസ്'' എന്ന വാർത്തയെ തുടർന്ന് ഡോ.വി.വിജയചന്ദ്രൻ പഠനചെലവുകൾ ഏറ്റെടുക്കാമെന്ന് ഇന്നലെ ബിജിയുടെ വീട്ടിലെത്തി അറിയിക്കുകയായിരുന്നു.

അച്ഛൻ ഉപേക്ഷിച്ചുപോയിട്ടും രണ്ടുമക്കളെ വീട്ടുവേല ചെയ്ത് വളർത്തിയ അമ്മ ബിന്ദുകുമാരിയുടെയും കഷ്ടപ്പാടുകൾക്കിടയിലും പത്താം ക്ലാസിലും ഹയർസെക്കൻഡറിയിലും എല്ലാ വിഷയത്തിനും എ പ്ലസ് നേടി വിജയിച്ച ബിജിയുടെയും കഥ വായിച്ചറിഞ്ഞ ഡോ.വിജയചന്ദ്രൻ കേരളകൗമുദി ഓഫീസുമായി ബന്ധപ്പെടുകയായിരുന്നു. മെഡിസിന് പഠിക്കാനാണ് ബിജിക്ക് ആഗ്രഹമെന്നറിഞ്ഞപ്പോൾ അതിന് സഹായിക്കാൻ സന്നദ്ധമാണെന്ന് അദ്ദേഹം അറിയിച്ചു. നീറ്റ് പ്രവേശനവുമായി ബന്ധപ്പെട്ട പ്രാഥമിക ചെലവുകൾക്കായി 5000 രൂപയുടെ ചെക്ക് ആദ്യഘട്ടമായി അദ്ദേഹം ബിജിക്ക് കൈമാറി. സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം നന്നായി പഠിക്കുന്ന കുട്ടിയുടെ പഠനം അവസാനിക്കരുതെന്ന ആഗ്രഹമാണ് തന്നെ ഇതിന് പ്രേരിപ്പിച്ചതെന്ന് ഡോ.വി.വിജയചന്ദ്രൻ കേരളകൗമുദിയോട് പറഞ്ഞു.

പത്താം ക്ലാസുവരെ ഉഴമലയ്ക്കൽ എസ്.എൻ.എച്ച്.എസ്.എസിൽ പഠിച്ച ബിജി സാമ്പത്തിക ബുദ്ധിമുട്ട് കാരണം തുടർന്ന് പഠിക്കാൻ നിർവാഹമില്ലാതെ വന്നതോടെ പൊതുപ്രവർത്തകരുടെ സഹായത്തോടെ കട്ടേല എ.എം.എം.ആർ ഹയർ സെക്കൻഡറി സ്കൂളിൽ ചേർന്നായിരുന്നു തുടർ പഠനം നടത്തിയത്. വിദ്യാഭ്യാസ ചെലവുകൾ സ്കൂൾ അധികൃതർ വഹിച്ചതോടെയാണ് ഹയർസെക്കൻഡറി വിദ്യാഭ്യാസം ചെയ്യാൻ കഴിഞ്ഞത്. ഓലമറച്ച കുടിലിൽ താമസിച്ചിരുന്ന കുടുംബത്തിന് അടുത്തിടെ പഞ്ചായത്തിൽ നിന്നും ലഭിച്ച ധനസഹായം ഉപയോഗിച്ച് നിർമ്മിച്ച രണ്ടുമുറി ഷെഡിലാണ് ഇപ്പോൾ താമസം.

ഉണർവ്വ് സാംസ്കാരിക കൂട്ടായ്മയുടെ നേതൃത്വത്തിൽ നടന്ന ഗുരു നിത്യചൈതന്യ യതി അനുസ്മരണയോഗത്തിൽ ഡോ. എസ്. ജയപ്രകാശ് സംസാരിക്കുന്നു

ഗുരു നിത്യചൈതന്യ യതി അനുസ്മരണയോഗം

വർക്കല: ഉണർവ്വ് സാംസ്കാരിക കൂട്ടായ്മയുടെ നേതൃത്വത്തിൽ ഗുരു നിത്യചൈതന്യ യതി അനുസ്മരണയോഗം വർക്കല മുനിസിപ്പൽ പാർക്കിൽ നടന്നു. ഉണർവ് പ്രസിഡന്റ് വി.രഞ്ജിത്ത് അദ്ധ്യക്ഷത വഹിച്ചു. ഡോ. എസ്.ജയപ്രകാശ്, ഡോ. ബി.ഭുവനചന്ദ്രൻ, എം. സഞ്ജീവ്, സ്വാമി കൃഷ്ണാനന്ദ, ശശി എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. മനോഹർ സ്വാഗതവും അനിഷ്കർ നന്ദിയും പറഞ്ഞു.

ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ജോയിന്റ് ബി.ഡി.ഒ ലെനിന് നൽകിയ യാത്രഅയപ്പ് സമ്മേളനത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഉപഹാരം നൽകുന്നു

യാത്രഅയപ്പ് നൽകി

മുടപുരം: ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്തിലെ ജോയിന്റ് ബി.ഡി.ഒ ലെനിന് യാത്രഅയപ്പ് നൽകി. ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിൽ നടന്ന യോഗം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ആർ. സുഭാഷ് ഉദ്ഘാടനം ചെയ്തു.

വൈസ് പ്രസിഡന്റ് രമാഭായി അമ്മ അദ്ധ്യക്ഷയായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. എ.ഷൈലജാബീഗം, ജില്ലാ പഞ്ചായത്തംഗം അഡ്വ. ശ്രീകണ്ഠൻ നായർ, ബ്ലോക്ക് പഞ്ചായത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാന്മാരായ അഡ്വ. ഫിറോസ് ലാൽ, സി.പി. സുലേഖ, പഞ്ചായത്ത് പ്രസിഡന്റുമാരായ എസ്. വേണുജി, വിജയകുമാരി, എസ്. ഡീന, ബ്ലോക്ക് പഞ്ചായത്തംഗങ്ങളായ ഇളമ്പ ഉണ്ണികൃഷ്ണൻ, ഗീതാസുരേഷ്, എൻ. ദേവ്, സിന്ധു, സിന്ധുകുമാരി, സന്ധ്യ സുജയ്, ബ്ലോക്ക് ജീവനക്കാരൻ ശ്രീകുമാർ എന്നിവർ സംസാരിച്ചു.

അഞ്ചുതെങ്ങ് സുരേന്ദ്രൻ സ്വാഗതവും ജോയിന്റ് ബി.ഡി.ഒ ലെനിൻ നന്ദിയും പറഞ്ഞു.

മണമ്പൂർ നവകേരളം ആർട്സ് ആൻഡ് സ്പോർട്ട്സ് അസോസിയേഷൻ കലാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വി.കെ.എസ് ഈണസായാഹ്നം വി.കെ.ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു

വി.കെ.എസ് ഈണസായാഹ്നം

വർക്കല: മണമ്പൂർ നവകേരളം ആർട്സ് അൻഡ് സ്പോർട്ട്സ് അസോസിയേഷൻ കലാസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വി. കെ. എസ് ഈണസായാഹ്നം വി.കെ.ശശിധരൻ ഉദ്ഘാടനം ചെയ്തു.

ഇടശേരി, കുഞ്ഞുണ്ണി, മുല്ലനേഴി തുടങ്ങിയ കവികളുടെ കവിതകളുടെ ആലാപനം മികച്ച കാവ്യാനുഭവമായി.

നവകേരളം പ്രസിഡന്റ് ബി. രതീഷ് കുമാർ അദ്ധ്യക്ഷത വഹിച്ചു. വി.എം.രാജമോഹൻ, ബി.വരദരാജൻ എന്നിവർ സംസാരിച്ചു. പത്രാധിപർ എം.എസ്.രവി, പത്രപ്രവർത്തകൻ ടി.വി.ആർ.ഷേണായി, നോവലിസ്റ്റ് കോട്ടയം പുഷ്പനാഥ്, മനസാസ്ത്രജ്ഞൻ ഡോ. എസ്.ശാന്തകുമാർ എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. ജി.സുരേഷ്ബാബു അനുശോചനപ്രമേയം അവതരിപ്പിച്ചു. കലാസമിതി കൺവീനർ എസ്. രമ സ്വാഗതവും നവകേരളം സെക്രട്ടറി ഡി. ഭാസി നന്ദിയും പറഞ്ഞു.

യുവാവിനെ പൊലീസ് വീട്ടിൽ കയറി ഭീഷണിപ്പെടുത്തിയെന്ന് പരാതി

കടയ്ക്കാവൂർ : പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട പ്രവാസി യുവാവിനെ കടയ്ക്കാവൂർ എസ്.ഐയും സംഘവും വീട്ടിൽ അതിക്രമിച്ച് കയറി ഭീഷണിപ്പെടുത്തിയെന്നും അസഭ്യം പറഞ്ഞെന്നും പരാതി. വക്കം വടക്കുംഭാഗത്ത് വീട്ടിൽ അജിയാണ് ആറ്റിങ്ങൽ ഡിവൈ.എസ്.പിക്ക് പരാതി നൽകിയത്.

കഴിഞ്ഞ ദിവസം വെളുപ്പിന് മൂന്നരയോടെയെത്തിയ പൊലീസ് സംഘം അതിക്രമിച്ച് വീട്ടിൽ കയറി അച്ഛന്റെയും ആർ. സി. സിയിൽ ചികിത്സയിലുള്ള അമ്മയുടെയും മുന്നിൽ വച്ച് അസഭ്യം വിളിച്ചെന്നും മടിക്കുത്തിന് കുത്തിപിടിച്ച് ഭീഷണിപ്പെടുത്തിയെന്നുമാണ് പരാതി. താൻ ഒരു കേസിലും പ്രതിയല്ലെന്ന പറഞ്ഞപ്പോഴാണ് അമളി പറ്റിയ പൊലീസ് തിരിച്ചുപോയത്.

നവീകരിച്ച വക്കം പള്ളിമുക്ക് മണമ്പൂർ റോഡ് അഡ്വ. ഷൈലജബീഗം ഉദ്ഘാടനം ചെയ്യുന്നു

കടയ്ക്കാവൂർ പാണന്റെ മുക്ക് മണമ്പൂർ റോഡിന് ശാപമോക്ഷം

കടയ്ക്കാവൂർ: നവീകരിച്ച വക്കം കായൽവാരം പാണന്റെമുക്ക് മണമ്പൂർ റോഡിന്റെ ഉദ്ഘാടനം ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഷൈലജാബീഗം നിർവഹിച്ചു. വർഷങ്ങളായി ഈ റോഡ് കുണ്ടും കുഴിയുമായി കിടക്കുകയായിരുന്നു. മഴ പെയ്താൽ റോഡിന്റെ അവസ്ഥ കൂടുതൽ ദയനീയമാകും. ഇരുചക്രവാഹനങ്ങൾ അടക്കം അപകടത്തിൽ പെടുന്നത് ഇവിടെ സ്ഥിരം സംഭവമായിരുന്നു. ഓട്ടം വിളിച്ചാൽ ഈ റോഡിൽ കൂടി വാഹനങ്ങൾ വരാതെയായി. പരാതികൾ പലതുണ്ടായിട്ടും അധികൃതർ അനങ്ങാപ്പാറ നയത്തിലായിരുന്നു. തുടർന്ന് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ. ഷൈലജാബീഗത്തിന് നാട്ടുകാർ നിവേദനം സമർപ്പിച്ചു. ഷൈലജാബീഗത്തിന്റെ ശ്രമഫലമായി ജില്ലാപഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച 35 ലക്ഷം രൂപ ചെലവഴിച്ചാണ് റോഡ് നവീകരിച്ചത്.

സിനിമ

ന്യൂ (2323244) :: ■ screen 1 - **മഹാനടി** (T - 11.00, 2.30, 6.00, 9.30)
■ screen 2 - **ബിടെക്** (M - 11.15, 2.30) **പഞ്ചവർണതത്ത** (M - 6.15, 9.30)
■ screen 3 - **പഞ്ചവർണതത്ത** (M - 11.15, 2.30) **ഈ മ യൗ** (M - 6.30) **അരവിന്ദന്റെ അതിഥികൾ** (M - 9.30)
ശ്രീകുമാർ (2331222) :: **എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ** (M - 11.00, 2.30) **ബിടെക്** (M - 6.15, 9.30)
ശ്രീവിശാഖ് (2331222) :: **അരവിന്ദന്റെ അതിഥികൾ** (M - 11.15, 2.30, 6.15, 9.30)
ശ്രീപത്മനാഭ (2473999) :: No show
ദേവിപ്രിയ (2473999) :: **കമ്മാരസംഭവം** (M - 11.00, 2.30, 6.00, 9.30)
അജന്ത (2472825) :: **ഇരുമ്പു തിരൈ** (T - 11.15, 2.15, 6.15, 9.15)
കൃപ (7356333911) :: **AVENGER'S INFINITY WAR** (E - 9.30) **ഇരുമ്പ്തിരൈ** (T - 12.30, 7.00) **ബിടെക്** (M - 10.15)
കലാഭവൻ :: **INTERNATIONAL CHILDREN FILM FESTIVAL**
സെൻട്രൽ (2462865) :: **BARBARIAN** (E - 11.30, 2.30, 6.30, 9.30)
കൈരളി (2332747) :: No show
ശ്രീ (2332747) :: No show
നിള (2332747) :: No show
ധന്യ (2476773) :: **കുട്ടൻപിള്ളയുടെ ശിവരാത്രി** (M - 11.15, 2.30, 6.15, 9.30)
രമ്യ (2476773) :: **പ്രേമസൂത്രം** (M - 11.15) **ഇരുമ്പ്തിരൈ** (T - 2.30, 6.15, 9.30)
ARIESPLEX SL CINEMA: (0471 4066660) ::
■ Audi 1 - **മഹാനടി** (T - 11.00) **AVENGER'S INFINITY WAR** (E - 3.00, 6.45) **ഇരുമ്പ് തിരൈ** (T - 10.15)
■ Audi 2 - **ബിടെക്** (M - 10.45) **പഞ്ചവർണതത്ത** (M - 1.45) **നാം** (M - 5.00) **സ്വാതന്ത്ര്യം അർദ്ധരാത്രിയിൽ** (M - 8.00) **മഹാനടി** (T - 11.00)
■ Audi 3 - **ആഭാസം** (M - 11.00) **നാം** (M - 1.45) **അങ്കിൾ** (M - 4.30) **പ്രേമസൂത്രം** (M - 7.30, 11.00))
■ Audi 4 - **കാമുകി** (M - 10.45) **കുട്ടപ്പൻപിള്ളയുടെ ശിവരാത്രി** (M - 2.00) **RAAZI** (H - 4.45) **കാമുകി** (M - 8.00) **ഇ. മ. യൗ** (M - 11.00)
■ Audi 5 - **എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ** (M - 11.00, 6.30, 10.30) **ഇ. മ. യൗ** (M - 3.30pm)
■ Audi 6 - **ഇരുമ്പ്തിരൈ** (T - 10.30) **കാമുകി** (M - 1.45) **അരവിന്ദന്റെ അതിഥികൾ** (M - 5.00, 800) **കുട്ടപ്പൻപിള്ളയുടെ ശിവരാത്രി** (M - 11.00)
കാർണിവൽ സിനിമാസ് (മാൾ ഒഫ് ട്രാവൻകൂർ)
102 NOT OUT (H - 3.35)
അരവിന്ദന്റെ അതിഥികൾ (M - 10.40, 4.30, 6.30, 7.20, 9.50)
AVENGER'S INFINITY WAR (E - 10.00, 1.15, 4.20, 7.25, 9.45)
ബിടെക് (M - 10.10, 1.30, 7.05, 10.40)
ചാണക്യതന്ത്രം (M - 4.05)
ഇ. മ. യൗ (M - 10.25, 5.10, 7.35, 9.55)
എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ (M - 1.40, 10.05)
കമ്മാരസംഭവം (M - 10.00, 9.15)
OMERTA (4.05)
പഞ്ചവർണതത്ത (M - 1.30, 10.30)
തൊബാമ (M - 4.30)
അങ്കിൾ (M - 1.00, 6.15)
കഴക്കൂട്ടം കൃഷ്ണ (2418144) :: **കാമുകി** (M - 11.15, 2.30, 6.15) **ഇ. മ. യൗ** (M - 9.30)
കലാഭവൻ (2322314) :: **നാം** (M - 11.15) **മോഹൻലാൽ** (M - 2.30, 6.15, 9.30)
വെട്ടുറോഡ്ഹരിശ്രീ (0471 2755666) :: **ഇരുമ്പ്തിരൈ** (T - 11.15, 2.30, 6.15, 9.30)
കഠിനംകുളംജിട്രാക്സ് (2757771) :: ■ screen 1 : **മഹാനടി** (T - 11.15, 2.30, 6.00, 9.30)
■ screen 2 **നാം** (M - 11.30, 6.30) **ബിടെക്** (M - 2.30, 9.30)
ആറ്റിങ്ങൽഡ്രീംസ് (628997) :: **അരവിന്ദന്റെ അതിഥികൾ** (M - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽഗംഗ (2629973) :: **എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ** (M - 11.15, 2.15) **പ്രേമസൂത്രം** (M - 6.15, 9.30)
ആറ്റിങ്ങൽയമുന (2629973):: **കാമുകി** (M - 11.15, 2.15, 6.15, 9.30)
ആറ്റിങ്ങൽകാവേരി (9287218284) :: **ബിടെക്**(M - 11.15) **നാം** (M - 2.15, 6.15, 9.30)
ആറ്റിങ്ങൽവൈശാഖ് (2622244) :: **മഹാനടി** (T - 11.15, 2.30, 6.15, 9.30)
ആറ്റിങ്ങൽതപസ്യ (3291113) :: **ഇരുമ്പ്തിരൈ** (T - 11.00, 2.45, 6.30, 9.45)
ആറ്റിങ്ങൽതപസ്യപാരഡൈസ് (620920):: **കുട്ടൻപിള്ളയുടെ ശിവരാത്രി** (M - 11.15, 3.00, 6.30, 9.45)
വർക്കലഎസ്.ആർ (0470 2602339) :: **സുഡാനി ഫ്രം നൈജീരിയ** (M - 11.00, 2.30, 6.15, 9.30)
വർക്കല വിമല (9895233785) :: **എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ** (M - 11.00, 3.00) **പഞ്ചവർണതത്ത** (M - 6.30, 9.45)
വർക്കല സ്റ്റാർ സിനിമ (2602344) :: **കമ്മാരസംഭവം** (M - 11.00) **AVENGER'S INFINITY WAR** (E - 2.30, 6.15, 9.30)
ചിറയിൻകീഴ് സ്വാമിജി (9526752302) :: **മോഹൻലാൽ** (M - 3.00, 6.30, 9.30)
നെടുമങ്ങാട് സൂര്യ (2802223) :: **ഇരുമ്പ്തിരൈ** (T - 11.00, 2.30, 9.30) **പഞ്ചവർണതത്ത** (M - 6.15)
നെടുമങ്ങാട്സൂര്യപാരഡൈസ് (2813259):: **ആദി** (M - 11.00, 2.30, 6.15, 9.30)
നെടുമങ്ങാട് ശ്രീസരസ്വതി (8111966043) :: **എന്റെ പേര് സൂര്യ എന്റെ വീട് ഇന്ത്യ** (T - 11.00) **മഹാനടി** (T - 2.30, 6.15, 9.30)
നെടുമങ്ങാട്റാണി :: No show
പെരിങ്ങമ്മല അശ്വതി (2400394) :: **കമ്മാരസംഭവം** (M - 2.30, 6.30, 9.30)
കളിയിക്കാവിള ശ്രീകാളീശ്വരി (0471-2200073, 0471-2200174)::
■ Audi 1 - **കമ്മാരസംഭവം** (M - 11.00, 2.30, 6.15, 9.30)
■ Audi 2 - **മോഹൻലാൽ** (M - 11.00, 2.30, 6.15 , 9.30)
■ Audi 3- **മെർക്കുറി** (M - 11.00, 2.30, 6.15, 9.30)
■ Audi 4 - **പരോൾ** (M - 11.00, 2.30, 6.15, 9.30)
■ Audi 5- **കുട്ടനാടൻമാർപാപ്പ** (M - 11.00, 2.30, 6.15, 9.30)
കളിയിക്കാവിള തമീൻസ് മാക്സ് :: **പുലിമുരുകൻ** (M - 2.30, 6.15) **അച്ചം എമ്പത് മടമയ്യെട** (T - 11.00, 9.15)
നെയ്യാറ്റിൻകര ശുഭ :: **കമ്മാരസംഭവം** (M - 2.30, 6.30, 9.30)
പോത്തൻകോട് MT CINEPLEX (2419515) ::
■ Tela 1 - **ഇരുമ്പ്തിരൈ** (T - 11.15, 2.30, 6.15, 9.30)
■ Tela 2 - **അരവിന്ദന്റെ അതിഥികൾ** (M - 11.00, 2.15, 6.30, 9.45)
പോത്തൻകോട് എച്ച്.കെ സിനിമാസ് (0471-2715555, 9447060600) :: **ബിടെക്**(M - 11.15, 2.30, 6.15, 9.30)
വെഞ്ഞാറമൂട്സിന്ധു (9746159088):: **ഇരുമ്പ്തിരൈ** (T - 11.30, 2.30, 6.30, 9.30)
കാട്ടാക്കട ജയവിനായക (2290867)::
■ screen 1 - **ആട് -2** (M - 11.00, 2.15, 6.15,9.15)
■ screen 2 - **വേലൈക്കാരൻ** (T- 11.15, 2.30, 6.30,9.30)
കള്ളിക്കാട് ദീപ (9447553618) :: **അച്ചായൻസ്** (M - 6.30, 9.30)
കാട്ടാക്കട ശ്രീമുരുക (9995952120) :: No show
കിളിമാനൂർ എസ്.എൻ :: Now show
പനച്ചമൂട് യമുനലക്ഷ്മി :: **കെട്ടു** (T -10.30, 2.30, 6.15, 9.00)
പേയാട് എസ്.പി സിനിമ (0471-2289053) :: **നാം** (M - 11.00am, 11.00pm) **കാമുകി** (M - 2.30, 6.00) **പഞ്ചവർണതത്ത** (M - 8.30pm)
കല്ലറ ARS (9526906021) :: **വിമാനം** (M - 2.30, 6.30)
പടന്തലുമൂട് IMP :: **മഹാനടി** (T - 11.00, 2.30, 6.15, 9.00)

ഇന്ന്

പ്രിയദർശിനി ഹാൾ: സീനിയർ സിറ്റിസൺസ് സർവീസ് കൗൺസിലിന്റെ സംസ്ഥാന സമ്മേളനത്തോടനുബന്ധിച്ച് 'അന്തസോടെയുള്ള മരണം മൗലികാവകാശം' സെമിനാർ ഉദ്ഘാടനം മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി -11ന്.

പൂജപ്പുര മണ്ഡപം: പ്രൊഫ. പി. രഘുരാമൻ പുരസ്കാരം ഡോ. എൻ. പി. ഉണ്ണിക്ക് ഭരണപരിഷ്കാര കമ്മിഷൻ അംഗം സി.പി. നായർ നൽകുന്നു-7ന്.

രംഗവിലാസം മാളിക: ഈഷ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ജഗ്ഗി വാസുദേവ് ശാസ്ത്രിയുമായി രൂപകല്പന ചെയ്ത ഇന്നർ എൻജിനിയറിംഗ് പ്രോഗ്രാം ക്ലാസ്-രാവിലെ 6മുതൽ.

ലെനിൻ ബാലവാടി: അഭിനയ സംഘടിപ്പിച്ച കുട്ടികൾക്ക് വേണ്ടിയുള്ള അവധിക്കാല നാടക ശില്പശാല-6.30ന്.

വെട്ടുകാട് സെന്റ്മേരീസ് ലൈബ്രറി: സർഗോത്സവം കലാ-സാഹിത്യ മത്സരങ്ങൾ. 9മുതൽ.

വഴുതക്കാട് രമാദേവി മന്ദിരം: സമ്പൂർണ വാത്മീകിരാമായണ മഹായജ്ഞം.

മംഗലത്തുകോണം കാട്ടുനട ഭദ്രകാളി ദേവീക്ഷേത്രം: രാവിലെ 10.30ന് നാരായണീയം പഠനക്ലാസ്.

പദ്മനാഭസ്വാമിക്ഷേത്രം കിഴക്കേനട: സ്വാമി ദുർഗാനന്ദ സരസ്വതിയുടെ രമണവിദ്യ സത്സംഗം-6.15ന്.

മരപ്പാലം പള്ളിക്കര ചാമുണ്ഡേശ്വരി ക്ഷേത്രം: പ്രതിഷ്ഠാ വാർഷിക മകയിരം പൊങ്കാല മഹോത്സവം.